


# താഴേത്തട്ടിൽ നിന്നുള്ള ആസൂത്രണം

താഴേത്തട്ടിൽ നിന്നും അഭിപ്രായങ്ങൾ സ്വീകരിച്ചാണ് എല്ലാ വർഷവും കുടുംബശ്രീയുടെ സംസ്ഥാനതല ബജറ്റ് തയാറാക്കുന്നത്. കുടുംബശ്രീ സിഡിഎസുകളിൽ നിന്നുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ജില്ലാതലത്തിൽ ക്രോഡീകരിച്ച്, ജില്ലയിൽ നിന്നുള്ള ആശയങ്ങൾ സംസ്ഥാനതലത്തിൽ സ്വീകരിച്ച് ഈ ആശയങ്ങൾ അടിസ്ഥാനമാക്കിയായിരുന്നു ആസൂത്രണ പ്രക്രിയ നടത്തിവന്നിരുന്നത്. താഴേത്തട്ടിൽ നിന്നുള്ള ഈ ബോട്ടം അപ് സമീപനം കൂടുതൽ ശക്തമാക്കാനുള്ള ശ്രമമാണ് ഈ വർഷം ഞങ്ങൾ നടത്തുന്നത്. സി.ഡി.എസുകളിൽ നിന്നും ജില്ലകളിൽ നിന്നുമുള്ള (ഫീൽഡ് തലത്തിലുള്ള) ആവശ്യകത അറിഞ്ഞ് പരിപാടികളും പദ്ധതികളുമാക്കി മാറ്റുന്ന പ്രക്രിയയായിരുന്നു പിന്തുടർന്നുവന്നിരുന്നത്. എന്നാൽ ഈ വർഷം താഴേത്തട്ടിലേക്ക് കുറച്ച് കൂടി അധികാരം നൽകി, ഓരോ ജില്ലയ്ക്കും വേണ്ട പദ്ധതികൾ എന്തൊക്കെയാണെന്ന് ജില്ലാതലത്തിൽ തന്നെ ആസൂത്രണം ചെയ്ത്, ആ പദ്ധതി ആസൂത്രണത്തിന്റെ സംസ്ഥാനതല ക്രോഡീകരണമായി സംസ്ഥാനതല പദ്ധതിയെ മാറ്റുന്നതിനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

കുടുംബശ്രീ സംഘടനാ സംവിധാനത്തെ ശക്തിപ്പെടുത്താനും മൈക്രോ ഫിനാൻസ്, സംരംഭം, സാമൂഹ്യ വികസനം തുടങ്ങിയ നിരവധി മേഖലകളിൽ പ്രവർത്തിക്കാനുമടക്കം എല്ലാ തലങ്ങളിലും ജില്ലകളുടെ ആവശ്യം വ്യത്യസ്തമായിരിക്കും. ഇതിനാൽ തന്നെ ജില്ലകൾക്ക് ഏതൊക്കെ പദ്ധതികൾ, എത്ര തോതിൽ, എത്ര തുക വിനിയോഗിച്ച് നടപ്പിലാക്കണമെന്നുള്ളതിനെക്കുറിച്ച് സി.ഡി. എസുകളിൽ നിന്നും പ്രതികരണങ്ങളെടുത്ത ശേഷം ജില്ലാതലത്തിൽ പദ്ധതി തയാറാക്കാനുള്ള നിർദ്ദേശം നൽകി. 2021-22 സാമ്പത്തികവർഷത്തേക്കുള്ള ഓരോ ജില്ലയുടെയും ഭൗതിക ലക്ഷ്യവും (ഫിസിക്കൽ ടാർഗറ്റ്) സാമ്പത്തിക ലക്ഷ്യവും (ഫിനാൻഷ്യൽ ടാർഗറ്റ്) ജില്ലാതലത്തിൽ നിശ്ചയിക്കും. കുടുംബശ്രീയുടെ പൊതുവായിട്ടുള്ള പദ്ധതികളുടെ ഒരു ചട്ടക്കൂടിൽ നിന്നുകൊണ്ടാകും ഈ ആസൂത്രണം നടത്തുക. എങ്കിലും ജില്ലകൾക്ക് പ്രാദേശിക ആവശ്യം നിറവേറ്റുന്നതിന് ഉതകുന്ന തരത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യമുണ്ടാകും. ഇങ്ങനെ ജില്ലകളിൽ നിന്നും ക്രോഡീകരിക്കുന്ന പദ്ധതി രൂപരേഖ സംസ്ഥാനതല പദ്ധതിയാക്കി മാറ്റുകയും ചെയ്യും.

ഈ പ്രവർത്തനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതൊക്കെ പദ്ധതികൾ ഏറ്റെടുക്കാമെന്ന ഒരു ആശയ സമാഹരണം സംസ്ഥാനതലത്തിൽ നടത്തുകയും ഇത്

ജില്ലകൾക്ക് പങ്കുവച്ച് നൽകുകയും ചെയ്തു. ഇതിൽ താത്പര്യമുള്ള പദ്ധതികൾ ജില്ലകൾ ഏറ്റെടുക്കും. ഈ ആശയങ്ങളിൽ ഉൾപ്പെടാത്ത പദ്ധതികളും ജില്ലകൾ തയാറാക്കും. ഇത് ജില്ലകൾക്ക് ആലോചനയ്ക്കായി നൽകിക്കഴിഞ്ഞു. രണ്ടാംഘട്ടമായി ജില്ലാ മിഷൻ കോർഡിനേറ്റർമാർ, അസിസ്റ്റന്റ് ജില്ലാ മിഷൻ കോർഡിനേറ്റർമാർ, ജില്ലാ പ്രോഗ്രാം മാനേജർമാർ എന്നിവർക്കെല്ലാമായി ഒരു പരിശീലന പരിപാടി ഇന്ന് സംഘടിപ്പിച്ചു. ഇതിലൂടെ താഴേത്തട്ടിൽ നിന്നുള്ള ആസൂത്രണം (ബോട്ടം അപ് പ്ലാനിങ്) എങ്ങനെ യാഥാർത്ഥ്യമാക്കാം, ഏത് രീതിയിൽ ആസൂത്രണം മുന്നോട്ട് കൊണ്ടുപോകാം തുടങ്ങിയ നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു. നാളെ മുതൽ ജില്ലകളിൽ ആസൂത്രണ പ്രക്രിയ ആരംഭിക്കുകയാണ്. ജനുവരി 30നകം ജില്ലാതലത്തിലുള്ള പ്ലാൻ തയാറാക്കുകയും പിന്നീട് സംസ്ഥാനതലത്തിലുള്ള കുടുംബശ്രീ പദ്ധതിയാക്കി മാറ്റുകയും ചെയ്യും.

ജില്ലകൾക്ക് കൂടുതൽ സ്വാതന്ത്ര്യവും സൗകര്യവും പ്രാദേശിക പദ്ധതികൾ ഉൾപ്പെടുത്താനുള്ള അവസരവും നൽകിക്കൊണ്ട് ആസൂത്രണ പ്രക്രിയയെ ശക്തിപ്പെടുത്താനുള്ള ഈ ശ്രമം എല്ലാ ജില്ലകളും മികച്ച രീതിയിൽ ഏറ്റെടുക്കുമെന്നും അയൽക്കൂട്ട, എ.ഡി.എസ്, സി.ഡി.എസ് തലത്തിലുള്ള ആവശ്യങ്ങൾ പരമാവധി ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ പ്ലാനുകൾ മികച്ചതാക്കുമെന്നും പ്രതീക്ഷിക്കട്ടെ.